**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **14-10-2024 - ൽ മറുപടിയ്ക്ക്**

**ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആഗോളവ്യാപകമായി ലഹരിക്കെതിരെ ബോധവൽക്കരണ പ്രചാരണങ്ങളും ജനകീയ മുന്നേറ്റങ്ങളും വർധിക്കുമ്പോഴും ജനങ്ങളിൽ ലഹരിയുടെ സ്വാധീനം വർധിക്കുന്നത് ആശങ്കയുണർത്തുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബോധവൽക്കരണത്തിനും ജനകീയ മുന്നേറ്റങ്ങൾക്കുമൊപ്പം ലഹരി വ്യാപനം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന കേസുകളിലും, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണത്തിലും, പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവിലും ഉണ്ടാകുന്ന വർദ്ധനവ് ആശങ്കപ്പെടുത്തുന്നതാണ്. |
| (ബി) | ഇന്റർനാഷണൽ നാർക്കോട്ടിക് കൺട്രോൾ ബോർഡിന്റെ കണക്കനുസരിച്ച് രാജ്യം മയക്കുമരുന്ന് കടത്തിന്റെ പ്രധാന കേന്ദ്രമായി മാറിയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ പരിശോധന പരിധിയിൽ വരുന്നതല്ല. |
| (സി) | കുരുന്നു വിദ്യാർത്ഥികൾക്കിടയിൽ ഉൾപ്പെടെയുള്ള ലഹരി വ്യാപനത്തെ പ്രതിരോധിക്കാൻ ഉപരിപ്ലവമായ നടപടികൾ മാത്രം പോരെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശിക തലങ്ങളിലുള്ള ജാഗ്രതാ സമിതികളിലൂടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ചെറിയ പ്രായത്തിലുള്ള കുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുക, വിദ്യാലയങ്ങളിലേക്കുള്ള ലഹരിയുടെ കടന്നു വരവ് കണ്ടെത്തി നടപടികൾ സ്വീകരിക്കുക, വിദ്യാലയങ്ങളും പരിസരപ്രദേശങ്ങളും ലഹരിമുക്തമാക്കുക എന്നീ ലക്ഷ്യങ്ങളോടെ വിമുക്തി മിഷനും എക്സൈസ് വകുപ്പും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പുറമേ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിദ്യാലയങ്ങളും പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കിവരുന്നു.<br><br>സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്ന് എന്നിവ സൂക്ഷിച്ച് വെച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുകയും, അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമ |

നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട് സ്കൂൾ പരിസരത്തെ ഇടവഴികൾ, പ്രവർത്തനം ഇല്ലാതെ അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങൾ പരിശോധിച്ച് അത്തരം സ്ഥലങ്ങളിൽ ലഹരിയുടെ സാന്നിദ്ധ്യം ഇല്ല എന്ന് ഉറപ്പാക്കി വരുന്നു

സ്കൂളുകളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപും ക്ലാസ്സ് അവസാനിച്ചതിന് ശേഷവും നിശ്ചിത ഇടവേളകളിൽ സ്കൂൾ പരിസരങ്ങളിലും സംശയമുള്ള സ്ഥലങ്ങളിലും മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തി വരുന്നുണ്ട്. എക്സൈസ് വകുപ്പ് മാത്രമായും, പോലീസ് ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളുമായി ചേർന്നും ഇത്തരം പരിശോധനകളും, രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു.

ലഹരി ഉപയോഗം സംശയിക്കുന്ന കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയും, കുട്ടികൾക്ക് ചെറിയ പ്രായം മുതൽ നല്ല ശീലങ്ങളും ജീവിത നൈപുണ്യങ്ങളും വളർത്തിയെടുക്കുന്നതിന് തെരെഞ്ഞെടുക്കപ്പെട്ട പ്രൈമറി സ്കൂളുകളിൽ "ബാല്യം അമൂല്യം" എന്ന ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം", "തെളിവാനം വരക്കുന്നവർ" എന്നീ പേരുകളിൽ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം", ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്നീ കമ്മിറ്റികൾ രൂപീകരിച്ച് നിയമാവബോധം നൽകി വരുന്നു. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു "Standard Operating Procedure (SOP)" തയ്യാറാക്കി ആയത് പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വ്യാപനം തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ ജനജാഗ്രത സമിതികൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ "Standard Operating Procedure (SOP)" പ്രകാരം സ്കൂൾ തലത്തിൽ പ്രാദേശിക ജനജാഗ്രതാ സമിതികൾ

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് ലഹരി സംബന്ധമായ പ്രശ്നങ്ങൾ നിരീക്ഷിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് പുതിയതായി എത്തുന്ന കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കൃത്രിമ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സർക്കാർ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടികയിൽ Tydol എന്ന സൈക്കോട്രോപിക് മരുന്ന് ഉൾപ്പെടുത്തുന്നതിനു കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ